## 1042

പ്രത്യാശയോടിതാ ഭക്തരങ്ങുണരുന്നേ
വന്നുദിക്കും പൊന്നുഷസ്സേ ഓർക്കുംതോറും രമ്യം

1 ലക്ഷ്യമെങ്ങും കാണുന്നല്ലോ കർത്തൻ തൻ വരവിൽ
നിത്യമായ രക്ഷയെ തൻ പക്ഷമായ് നൽകിടും
ലക്ഷത്തിൽ സുന്ദരൻ അക്ഷയനാം രക്ഷകൻ
എത്രയും ക്ഷണത്തിൽ നമ്മെ അക്ഷയരാക്കിടും-

2 രാജനേശു വന്നീടും നീ ഒരുങ്ങീട്ടുണ്ടോ
നാളുതോറും നീ അവൻ സാക്ഷിയാകുന്നുണ്ടോ
മൽപ്രിയ സോദരാ നിനക്കുവേണ്ടി സഹിച്ച
കഷ്ടതയിൽ പങ്ക് ഇന്നു നീ വഹിക്കുന്നുണ്ടോ-

3 എണ്ണയുണ്ടോ നിൻ വിളക്കിൽ നീ ഒരുങ്ങീട്ടുണ്ടോ?
നിർമ്മലമാം നീതിവസ്ത്രം നീ ധരിച്ചിട്ടുണ്ടോ?
സ്നേഹത്തിനാഴവും നീളമതിൻ വീതിയും
ത്യാഗവും സമ്പൂർണ്ണതയും നീ ഗ്രഹിച്ചിട്ടുണ്ടോ?

4 പാരിലാരും പാടിടാത്ത പാട്ടു നമ്മൾ പാടും
പാരിലാരും ചൂടിടാത്ത വാടാമുടി ചൂടും
ജീവന്റെ നാഥന്നായ് ത്യാഗം സഹിച്ചതാം
സ്നേഹമണവാളനോടെ സീയോൻപുരേ വാഴും-